©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2022 ജൂൺ 17<br>17th June 2022<br>1197 മിഥുനം 3<br>3rd Mithunam 1197<br>1944 ജ്യേഷ്ഠം 27<br>27th Jyaishta 1944 | നമ്പർ<br>No. **2005** |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ.ഉ. (അ)നമ്പർ 46/2022/തസ്വഭവ.**
**എസ്. ആർ. ഒ. നമ്പർ 607/2022**

*തിരുവനന്തപുരം, 2022 മെയ് 24*
*1197 ഇടവം 10.*

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 52, 53 എന്നീ വകുപ്പുകൾ 254-ാം വകുപ്പിനോട് കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോച്ചതിന് ശേഷം, 1995

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫെബ്രുവരി 17–ാം തീയതിയിലെ സ.ഉ.(പി)27/95/തസ്വഭവ. നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 1995 ഫെബ്രുവരി 17-ാം തീയതിയിലെ 173–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 229/95–ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ 1995–ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന്, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:–

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.–(1) ഈ ചട്ടങ്ങൾക്ക് 2022–ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.–1995–ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിൽ,–

8–ാം ചട്ടത്തിൽ "ആയിരം രൂപയും രണ്ടായിരം രൂപയും മൂവായിരം രൂപയും" എന്നീ വാക്കുകൾക്ക് പകരം "രണ്ടായിരം രൂപയും നാലായിരം രൂപയും അയ്യായിരം രൂപയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

ഗവർണറുടെ ഉത്തരവിൻപ്രകാരം,
ശാരദ മുരളീധരൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ഒരു സ്ഥാനാർത്ഥി നിർണ്ണയിക്കപ്പെട്ടിട്ടുള്ള തുക നിക്ഷേപമായി കെട്ടിവയ്ക്കാത്തപക്ഷം അയാളുടെ നാമനിർദ്ദേശ പത്രിക സ്വീകരിക്കുന്നതല്ല എന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് 53–ാം വകുപ്പ് (1)–ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു. കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 53–ാം ചട്ടത്തിൽ ഇപ്രകാരം നിക്ഷേപമായി കെട്ടി വയ്ക്കേണ്ട തുക

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിർണ്ണയിച്ചിട്ടുള്ളതാണ്. ഇതിൻപ്രകാരം ഒരു ഗ്രാമ പഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ ഒരു ജില്ലാ പഞ്ചായത്തിന്റെയോ നിയോജകമണ്ഡലത്തിൽ നിന്നുള്ള തിരഞ്ഞെടുപ്പിന്റെ കാര്യത്തിനു വേണ്ടി യഥാക്രമം ആയിരം രൂപയും രണ്ടായിരം രൂപയും മൂവായിരം രൂപയും ഒരു സ്ഥാനാർത്ഥി കെട്ടിവയ്ക്കുകയോ കെട്ടി വയ്പിക്കുകയോ ചെയ്യേണ്ടതാണ്. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട സ്ഥാനാർത്ഥികളുടെ സംഗതിയിൽ കെട്ടിവയ്ക്കേണ്ട തുക മേൽപ്പറഞ്ഞ തുകയുടെ അൻപതു ശതമാനമാണ്.

തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഗൗരവം നിലനിർത്തുന്നതിന്, സ്ഥാനാർത്ഥി കെട്ടിവയ്ക്കേണ്ട തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. ഇതിലേയ്ക്ക് കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 8-ാം ചട്ടം ഭേദഗതി വരുത്തുന്നതിനാണ് ഈ നിർദ്ദേശം.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.06.21 11:02:39 +05:30